**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2793 — 13.03.2020 -ൽ മറുപടിയ്ക്ക്

**വില്ലേജുകളുടെ വിഭജനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എതെല്ലാം വില്ലേജുകൾ വിഭജിച്ചു എന്നറിയിക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിഭജിച്ച വില്ലേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഗ്രൂപ്പ് വില്ലേജ് | വിഭജിച്ച വില്ലേജ് |
|---|---|---|
| തിരുവനന്തപുരം | ഇളമ്പ-മുദാക്കൽ | ഇളമ്പ |
| കാസർഗോഡ് | പഡ്രെ ഗ്രൂപ്പ് വില്ലേജ് | കാട്ടുകുക്കെ |

കൂടാതെ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജ് വിഭജിച്ച് ഉദുത്തി എന്ന പുതിയ വില്ലേജും രൂപീകരിച്ചിട്ടുണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷം പുതുതായി വില്ലേജുകൾ വിഭജിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വില്ലേജുകളുടെ ഭൂവിസ്തൃതിയും ജനസംഖ്യ അനുപാതവും വ്യക്തമാക്കാമോ;

(ബി) ഉണ്ട്. പ്രസ്തുത വില്ലേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വില്ലേജ് | വിസ്തീർണ്ണം | ജനസംഖ്യ (2011 സെൻസസ്) |
|---|---|---|
| ചെറുവത്തൂർ | 936.4857 | 27435 |
| ഉദുത്തി | 901.3093 | |
| പഡ്രെ | 1596.70 | 5455 |
| കാട്ടുകുക്കെ | 1360.83 | 10909 |

(സി) വില്ലേജുകൾ വിഭജിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

(സി) സംസ്ഥാനത്തെ നിലവിലുള്ള വില്ലേജുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം, എന്നിവയാണ് വില്ലേജ് പുന:സംഘടനയ്ക്ക് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ.

**സെക്ഷൻ ഓഫീസർ**